KERALA STATE POLLUTION CONTROL BOARD
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
കോഴിക്കോട് ജില്ലാ ആഫീസ്
DISTRICT OFFICE, KOZHIKODE
3rd FLOOR, ZAMORIN'S SQUARE, LINK ROAD, KOZHIKODE - 673 002
Ph: 0495-2300745 kspcb.kerala.gov.in

PCB/KKD/DO/GEN/ Polluted River Stretches/2018 Date: 21.08.2023

From

The Environmental Engineer

To

The Member Secretary,
Head Office,
Thiruvananthapuram.

Sub:- **Monthly Progress Report on Polluted river stretches** called for by Ministry of Jal Shakthi.

Sir/Madam,

I am forwarding herewith the monthly progress report on Polluted river stretches for the Month of **July 2023** in the prescribed format separately for Kallai and Kuttiadi Polluted river stretches.

Yours faithfully,

ENVIRONMENTAL ENGINEER.

Copy to :

Chief Environmental Engineer,
Regional Office, Kozhikode.

**OA 673 ൽ 21.08.2023 തീയ്യതിയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ വകുപ്പ്- നോർത്ത് സർക്കിളിന്റെ അധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് വഴി നടത്തിയ 39-ാമത് DLTC മീറ്റിങ്ങിന്റെ മിനുട്സ്.**

**ഹാജരായവർ**

1. ശ്രീമതി.ഷൈനി.വി ജോസഫ് (പേഴ്സണൽ അസിസ്റ്റന്റ് ഓഫ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ വകുപ്പ്).
2. ശ്രീമതി. ചഞ്ചൽ (അസിസ്റ്റന്റ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ വകുപ്പ് തിരൂർ)
3. ശ്രീ.അബ്ദുൾ ഹമീദ് (ഹെൽത്ത് ഇൻസ്പെക്ടർ, മലപ്പുറം മുനിസിപ്പാലിറ്റി)
4. ശ്രീ. ജീവരാജ് (ഹെൽത്ത് സൂപ്രവൈസർ, തിരൂർ മുനിസിപ്പാലിറ്റി)
5. ശ്രീ.ടി.കെ.ബാബു (സെക്രട്ടറി ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്)
6. ശ്രീമതി.ബേബി ജുമ്ന (തലക്കാട് ഗ്രാമപഞ്ചായത്ത് അംഗം)
7. ശ്രീ.ജെയിംസ് (സീനിയർ സൂപ്രണ്ട്, റവന്യൂ ഡിവിഷണൽ ഓഫീസ്, തിരൂർ)
8. ശ്രീ.അജ്മൽ അസിസ്റ്റന്റ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ വകുപ്പ്, മലപ്പുറം)
9. ശ്രീ.ബീരാൻകുട്ടി (സെക്രട്ടറി, മംഗലം ഗ്രാമപഞ്ചായത്ത്)
10. ശ്രീ.രജീഷ് ( സീനിയർ ക്ലാർക്ക്, വെട്ടം ഗ്രാമപഞ്ചായത്ത്)
11. ശ്രീ.വരുൺ നാരായണൻ.ജി (എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ ഓഫീസ്, മലപ്പുറം)
12. ശ്രീമതി.സൗദ ബീവി.വി.സി. ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ ഓഫീസ്, മലപ്പുറം.)

DLTC ചെയർമാൻ (എസ്ഇഇ ഇറിഗേഷൻ)-ന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ പേഴ്സണൽ അസിസ്റ്റന്റ് ശ്രീമതി.ഷൈനി.വി ജോസഫ് ന്റെ അധ്യക്ഷതയിൽ 11.30 am മണിക്ക് വീഡിയോ കോൺഫറൻസ് ആരംഭിച്ചു. ആദ്യമായി മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റൽ എഞ്ചിനീയർ NGT OA673/2018 ന്റെ ഭാഗമായിട്ട് നട ത്തുന്ന 39-ാമത് DLTC മീറ്റിങ്ങിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്തു.

ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണെന്ന റിപ്പോർട്ടുകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ പൂർത്തീകരിച്ചിട്ടുള്ള കാര്യങ്ങൾ നിർദ്ദിഷ്ട സ്ഥലത്ത് നിലവിൽ ഉണ്ടോ എന്ന് എല്ലാമുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും ഉറപ്പു വരുത്തേണ്ടതാണെന്ന് എൻവയോൺമെന്റൽ എഞ്ചിനീയർ ഓർമ്മപ്പെടുത്തി. കഴിഞ്ഞ ആഴ്ച്ച മലിനീകരണ നിയന്ത്രണ ബോർഡ് മുഖ്യ കാര്യാലയത്തിൽ നിന്നും മെമ്പർ സെക്രട്ടറി വിളിക്കുകയും ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അന്വേഷിക്കുകയും ചെയ്ത പ്രവൃത്തികളെല്ലാം നിലവിൽ സ്ഥലത്തുണ്ടോ എന്ന് ഉറപ്പു വരുത്തണമെന്ന് അറിയിച്ച വിവരം എൻവയോൺമെന്റൽ എഞ്ചിനീയർ പറയുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സയന്റിസ്റ്റ് 10.08.2023-ന് തിരൂർ മുനിസിപ്പാലിറ്റി, ചെറിയമുണ്ടം, മംഗലം, തലക്കാട്, വെട്ടം എന്നീ പഞ്ചായത്തുകളിലും തിരൂർ ഇറിഗേഷൻ വകുപ്പിലും, റവന്യൂ ഡിവിഷണൽ ഓഫീസിലും ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി സ്ഥല പരിശോധന നടത്തിയിരുന്ന വിവരവും എൻവയോൺമെന്റൽ എഞ്ചിനീയർ ശ്രദ്ധയിൽപ്പെടുത്തി.

ആദ്യമായി തിരൂർ മുനിസിപ്പാലിറ്റി മത്സ്യ മാർക്കറ്റ് ETPയുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ എൻവയോൺമെന്റൽ എഞ്ചിനീയർ ഹെൽത്ത് സൂപ്രവൈ സർ ശ്രീ.ജീവരാജിനോട് ആവശ്യപ്പെട്ടു. മത്സ്യ മാർക്കറ്റ് ETPയുടെ റിനോവേഷൻ

വർക്കിനായി e- tender വിളിച്ചിട്ടുണ്ടെന്നും അടുത്ത ദിവസം തന്നെ സൈറ്റിൽ up load ചെയ്യുമെന്നും ശ്രീ. ജീവരാജ് അറിയിക്കുകയുണ്ടായി. തിരൂർ മാർക്കറ്റിലെ വ്യാപാരികൾ WP(C) ഫയൽ ചെയത കാര്യവും, മുനിസിപ്പാലിറ്റിക്ക് · ഈ ഓഫീസിൽ നിന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു നോട്ടീസ് അയച്ചിട്ടുണ്ടെന്നും 15 ദിവസത്തിനുളളിൽ മറുപടി നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതുവരെ മറുപടി തന്നിട്ടില്ലെന്നും എൻവയോൺമെന്റൽ എഞ്ചിനീയർ അറിയിക്കുകയുണ്ടായി. മത്സ്യ മാർക്കറ്റ് ETPയുടെ നിലവിലെ അവസ്ഥ കൂടി ഉൾപ്പെടുത്തി എത്രയും വേഗം മറുപടി ഈ ഓഫീസിലേക്ക് അയക്കണമെന്നും എൻവയോൺമെന്റൽ എഞ്ചിനീയർ ആവശ്യപ്പെട്ടു.കൂടാതെ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുളള സിസിടിവി സ്ഥാപിക്കുന്നതും, താഴെപ്പാലം ഭാഗത്ത് മുളച്ചെടികൾ നട്ടു വളർത്തുന്നതും, ഫെൻസിങ്ങ്, മത്സ്യമാർക്കറ്റിൽ നിന്നുളള drainage എന്നിവയെക്കുറിച്ചും എൻവയോൺമെന്റൽ എഞ്ചിനീയർ ഹെൽത്ത് സൂപ്പർവൈസറോട് ചോദിച്ച് വ്യക്തത വരുത്തുകയുണ്ടായി.

അടുത്തതായി ബസ്സ്റ്റാന്റ് STP യുടെ പ്രവർത്തന പുരോഗതിയാണ് വിലയിരുത്തിയത്. 10.08.2023-ന് ഈ ഓഫീസിൽ നിന്നും പരിശോധനയ്ക്കായി വന്നപ്പോൾ STP യുടെ trial run നടത്തിയിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. കൂടാതെ STP യോട് ചേർന്ന് കിടക്കുന്ന പറമ്പിലേക്ക് ബസ് സ്റ്റാന്റ് മാർക്കറ്റിൽ നിന്നുളള മലിനജലം ഒഴുക്കുന്നതായി ശ്രദ്ധയിൽപ്പെട്ട വിവരവും എൻവയോൺമെന്റൽ എഞ്ചിനീയർ മുനിസിപ്പാലിറ്റിയെ അറിയിക്കുകയും, അതിനെക്കുറിച്ച് അന്വേഷിക്കുകയും വ്യക്തത വരുത്തുകയും ഉണ്ടായി. ഇപ്പോൾ trial run നടത്തുന്നുണ്ടെന്നും പൈപ്പ് ലൈൻ വർക്ക് നടന്നുകൊണ്ടിരിക്കുകയാണെന്നും ഹെൽത്ത് സൂപ്പർവൈസർ ശ്രീ.ജീവരാജ് അറിയിച്ചു. പൈപ്പ് ലൈൻ വർക്ക് കഴിയാതെ എങ്ങനെയാണ് trial run നടത്തുന്നതെന്നും എൻവയോൺമെന്റൽ എഞ്ചിനീയർ ചോദിക്കുകയുണ്ടായി. മാസങ്ങളായി ഇതേയൊരു അവസ്ഥയാണ് തുടരുന്നതെന്നും ഇങ്ങനെപോയാൽ EC നൽകേണ്ടി വരുമെന്നും, അതുകൊണ്ട് എത്രയും വേഗം STP പ്രവർത്തനസജ്ജമാക്കണമെന്നും എൻവയോൺമെന്റൽ എഞ്ചിനീയർ നിർദ്ദേശിക്കുകയുണ്ടായി. അറവു ശാലയുമായി ബന്ധപ്പെട്ട വിവരങ്ങളെക്കറിച്ച് ബോർഡ് മെമ്പർ സെക്രട്ടറി ചോദിച്ചതായി എൻവയോൺമെന്റൽ എഞ്ചിനീയർ അറിയിച്ചു. അറവുശാലയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് എൻവയോൺമെന്റൽ എഞ്ചിനീയർ ചോദിക്കുകയുണ്ടായി. അറവുശാലയുടെ ഏകദേശം എല്ലാ വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇലക്ട്രിക്കൽ വർക്ക് നടന്നുകൊണ്ടിരിക്കുകയാണെന്നും ETPയുടെ നിർമ്മാണത്തിനായി TS-നായി കൊടുത്തിട്ടുണ്ടെന്നും, 30KLDയുടെ ETPയാണെന്നും ദിവസേന 50 മൃഗങ്ങളെ അറവ് ചെയ്യുന്നതിനായി ആണ് പ്രസ്തുത പദ്ധതി എന്ന് ഹെൽത്ത് സൂപ്പർവൈസർ അറിയിച്ചു. അറവുശാലയുടെ സ്ഥാപനാനുമതിക്കായി ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും ആയതിനാൽ എത്രയും വേഗം പ്രൊപ്പോസൽ കൂടി ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കണമെന്ന് എൻവയോൺമെന്റൽ എഞ്ചിനീയർ നിർദ്ദേശം കൊടുത്തു. അറവുശാലയിലെ ഖരമാലിന്യങ്ങൾ എങ്ങനെയാണ് നിർമ്മാർജ്ജനം ചെയ്യുന്നതെന്നും റെൻഡറിങ്ങ് പ്ലാന്റ് ഉണ്ടോ എന്നും ചോദിക്കുകയുണ്ടായി. സ്ഥല പരിമിതിയുളളതിനാൽ റെൻഡറിങ്ങ് പ്ലാന്റ് സ്ഥാപിക്കൽ പ്രയാസമാണെന്നാണ് ഹെൽത്ത് സൂപ്പർവൈസർ അറിയിച്ചത്. ആധുനിക അറവുശാലയുടെ നിർവ്വചനത്തിൽ റെന്ററിങ്ങ് പ്ലാന്റ് കൂടി ഉൾപ്പെടുന്നതാണ് എന്ന വിവരം എൻവയോൺമെന്റൽ എഞ്ചിനീയർ ഓർമ്മപ്പെടുത്തി. തുമ്പൂർ മുഴി മോഡൽ Non bio-degradable waste, MCF,MRF എന്നിവയെക്കുറിച്ചും, കൂടാതെ തലക്കടത്തൂർ ബ്രിഡ്ജിന് സമീപം സി.സി.ടി.വി സ്ഥാപിക്കാത്തതിനെക്കുറിച്ചും എൻവയോൺമെന്റൽ എഞ്ചിനീയർ

ചോദിച്ചറിയുകയുണ്ടായി. RRF, MCF എന്നിവയുണ്ടെന്നും എന്നാൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ഇല്ലെന്നും സി.സി.ടി.വി സ്ഥാപിച്ചിട്ടില്ലെന്നുമാണ് ജീവരാജ് അറിയിച്ചത്. ആക്ഷൻ പ്ലാൻ നോക്കി എന്തെല്ലാം പ്രവർത്തികളാണ് ചെയ്യാനുള്ളതെന്നും ചെയ്ത പ്രവൃത്തികൾ നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഉണ്ടോയെന്നും മുനിസിപ്പാലിറ്റി ഉറപ്പു വരുത്തേണ്ടതാണെന്ന് എൻവയോൺമെന്റൽ എഞ്ചിനീയർ നിർദ്ദേശിക്കുകയുണ്ടായി.

അടുത്തതായി ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയാണ് വിലയിരുത്തിയത്.ഫെൻസിങ്ങ് പൂർത്തീകരിച്ചതാണെന്നും തലക്കടത്തൂർ ബ്രിഡ്ജിനു സമീപം സി.സി.ടി.വി സ്ഥാപിച്ചിട്ടുണ്ടെന്നും ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ടി.കെ.ബാബു അറിയിച്ചു.

തുടർന്ന് തലക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്തത്. മാങ്ങാട്ടിരി ബ്രിഡ്ജിനു സമീപം സി.സി.ടി.വി സ്ഥാപിക്കുന്നതിനായി രണ്ടരലക്ഷം രൂപയുടെ പ്രോജക്ട് വച്ചിരുന്നെന്നും എന്നാൽ പ്രൊപ്പോസൽ വന്നപ്പോൾ 14 ലക്ഷം രൂപയുടേതാണെന്നും തലക്കാട് ഗ്രാമപഞ്ചയാത്ത് അംഗം ശ്രീമതി.ബേബി ജുമ്ന അറിയിച്ചു. 10.08.2023-ന് ഈ ഓഫീസിൽ നിന്ന് പരിശോധന നടത്തിയപ്പോൾ മാങ്ങാട്ടിരി ബ്രിഡ്ജ് ഫെൻസിങ്ങ് പല ഭാഗങ്ങളിലും പൊളിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ട വിവരം എൻവയോൺമെന്റൽ എഞ്ചിനീയർ ഓർമ്മപ്പെടുത്തുകയുണ്ടായി. ഈയൊരവസ്ഥയിൽ കൂടുതൽ വേസ്റ്റുകൾ നിക്ഷേപിക്കാനുള്ള സാധ്യത കൂടുതലാണെന്നും അറിയിക്കുകയുണ്ടായി. ആയതിനാൽ എത്രയും പെട്ടെന്ന് സി.സി.ടി.വി സ്ഥാപിക്കുകയും ഫെൻസിങ്ങ് പൂർവ്വ സ്ഥിതിയിലേക്ക് കൊണ്ടു വരികയും വേണമെന്ന് എൻവയോൺമെന്റൽ എഞ്ചിനീയർ നിർദ്ദേശിച്ചു.

അടുത്തതായി വെട്ടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതിയാണ് വിലയിരുത്തിയത്.5 സ്ഥലങ്ങളിൽ സി.സി.ടി.വി.സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിൽ എട്ടരിക്കടവ്, കുഞ്ഞൂളിക്കടവ് എന്നിവിടങ്ങളിൽ സി.സി.ടി.വി പ്രവർത്തിക്കുന്നില്ലെന്നാണ് വെട്ടം ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീ.രജീഷ് അറിയിച്ചത്. ആക്ഷൻ പ്ലാനിൽ മുഴുവൻ വർക്കുകളും ചെയ്തു തീർത്തിട്ടുള്ളതായാണ് റിപ്പോർട്ട് ലഭിച്ചിരിക്കുന്നതെന്നും, ആയതിനാൽ എത്രയും പെട്ടെന്ന് സി.സി.ടി.വി പ്രവർത്തനക്ഷമമാക്കണമെന്ന് എൻവയോൺമെന്റൽ എഞ്ചിനീയർ നിർദ്ദേശിച്ചു.

തുടർന്ന് മംഗലം ഗ്രാമപഞ്ചായത്ത് ആക്ഷൻ പ്ലാൻ പ്രവർത്തനങ്ങളെക്കുറിച്ചാണ് വിലയിരുത്തിയത്. മാലിന്യമുക്ത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സി.സി.ടി.വി സ്ഥാപിച്ചിട്ടുണ്ടെന്നും എന്നാൽ തിരൂർ പൊന്നാനിപുഴയുടെ beautification work-ൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്നാണ് പഞ്ചായത്ത് സെക്രട്ടറി ശ്രീ.ബീരാൻകുട്ടി അറിയിച്ചത്. സൈഡ് പ്രൊട്ടക്ഷൻ വർക്ക് ചെയതിട്ടുള്ളതാണെന്നും നിർമ്മിതി കേന്ദ്രത്തിന് വർക്ക് ചെയ്ത് തീർക്കാനുള്ള ഫണ്ട് നേരത്തെ കൊടുത്തിട്ടുള്ളതാണെന്നും അറിയിക്കുകയുണ്ടായി. Audit objection ഉണ്ടെന്ന് സെക്രട്ടറി അറിയിച്ചു. കൂടാതെ പ്രസ്തുത വർക്ക് ചെയ്ത് തീർക്കണമെന്നും അല്ലാത്ത പക്ഷം റീഫണ്ട് ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നേരത്തെ തന്നെ നിർമ്മിതി കേന്ദ്രത്തിന് കത്ത് കൊടുത്ത വിവരവും സെക്രട്ടറി അറിയിക്കുകയുണ്ടായി. എത്രയും പെട്ടെന്ന് വർക്കുകൾ പൂർത്തീകരിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് എൻവയോൺമെന്റൽ എഞ്ചിനീയർ നിർദ്ദേശിച്ചു.

അടുത്തതായി ഇറിഗേഷൻ വകുപ്പിന്റെ പ്രവർത്തന പുരോഗതിയാണ് വിലയിരുത്തിയത്. കൂട്ടായി റെഗുലേറ്ററിന്റെ ഇൻവെസ്റ്റിഗേഷൻ വർക്ക് കഴിഞ്ഞതാണെങ്കിലും ഇതുവരെ റിപ്പോർട്ട് ലഭിക്കാത്തതിനാലാണ് വർക്ക് തുടങ്ങാൻ കഴിയാത്തതെന്ന് ശ്രീമതി. ചഞ്ചൽ അറിയിച്ചു. തിരൂർ - പൊന്നാനി പുഴയുടെ ബണ്ട് ശക്തിപ്പെടുത്തുന്ന

തിനായുള്ള വർക്ക് തുടങ്ങിയിട്ടേയുള്ളൂ എന്നും പുരോഗതി റിപ്പോർട്ട് ചെയ്യാനായിട്ടില്ലെന്നുമാണ് ശ്രീമതി.ചഞ്ചൽ അറിയിച്ചത്. ആക്ഷൻ പ്ലാൻ നിർദ്ദേശിച്ചിട്ടുള്ള ടൈംലൈൻ കഴിഞ്ഞതാണെന്നും ആയതിനാൽ പ്രസ്തുത വർക്കുകൾ എത്രയും വേഗം പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എൻവയോൺമെന്റൽ എഞ്ചിനീയർ നിർദ്ദേശിച്ചു.

അടുത്തതായി മലപ്പുറം മുനിസിപ്പാലിറ്റിയുടെ ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതിയാണ് വിലയിരുത്തിയത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷ മുനിസിപ്പാലിറ്റി റീ സബ്മിറ്റ് ചെയ്തിട്ടുണ്ടെന്നും ഇത് ബോർഡിന്റെ മേഖലാ കാര്യാലയത്തിലെ ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയറുടെ ഉപദേശത്തിനായി അയച്ചിട്ടുണ്ടെന്ന് എൻവയോൺമെന്റൽ എഞ്ചിനീയർ അറിയിച്ചു. അറവുശാലയുടെ നിലവിലെ അവസ്ഥയെക്കുറിച്ചും, വലിയതോട് ക്ലീനിങ്ങ്, സ്ക്രീനിങ്ങ് നെറ്റ്, illegal discharge എന്നിവയെക്കുറിച്ചും എൻവയോൺമെന്റൽ എഞ്ചിനീയർ ചോദിക്കുകയുണ്ടായി. അറവുശാലയുടെ വർക്കിൽ യാതൊരു പുരോഗതിയുമില്ലെന്നാണ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ അബ്ദുൾ ഹമീദ് അറിയിച്ചത്. കൂടാതെ 40 മിനി MCF കൂടി അനുവദിച്ചതായും അറിയിക്കുകയുണ്ടായി.

അവസാനമായി റവന്യൂ ഡിവിഷണൽ ഓഫീസുമായി ബന്ധപ്പെട്ട encroachment സർവ്വേ പുരോഗതിയാണ് വിലയിരുത്തിയത്. 10.08.2023-ന് ഈ ഓഫീസിൽ നിന്നും പരിശോധന നടത്തിയപ്പോൾ RDO ഓഫീസിൽ നിന്നും നൽകിയ സർവ്വേ പൂർത്തീകരിച്ചു എന്നറിയിച്ചു കൊണ്ടുള്ള കത്തിന്റെ പകർപ്പ് എൻവയോൺമെന്റൽ എഞ്ചിനീയർ വായിക്കുകയുണ്ടായി. സർവ്വേയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ഒരു കത്ത് നൽകാൻ RDO സീനിയർ സൂപ്രണ്ട് ശ്രീ.ജെയിംസ് അറിയിച്ചു. ഇറിഗേഷൻ നോർത്ത് സർക്കിൾ ഓഫീസിൽ നിന്നും കത്ത് കൊടുക്കാമെന്നും ശ്രീമതി. ഷൈനി.വി.ജോസഫ് അറിയിക്കുകയുണ്ടായി.

മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും എൻവയോൺമെന്റൽ എഞ്ചിനീയർ നന്ദി അറിയിച്ചു. 12.15. pm – ന് വീഡിയോ കോൺഫറൻസ് അവസാനിച്ചു.

എൻവയോൺമെന്റൽ എഞ്ചിനീയർ

മലപ്പുറം
21.08.2023

☎: General: 0483- 2733211
e-mail:kspcbmlpm@gmail.com, Fax: 0483 2733211 web: kspcb.kerala.gov.in

**KERALA STATE POLLUTION CONTROL BOARD**

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

District Office Malappuram, Perinthalmanna Road, Up Hill, Malappuram–676505

ജില്ലാ ഓഫീസ് മലപ്പുറം, പെരിന്തൽമണ്ണ റോഡ്, കുന്നുമ്മൽ, മലപ്പുറം -676505

---

PCB//MLPM/RIVER STRETCH/2019

Date: 23.08.2023
**NGT MATTER**
**VERY URGENT**

From ,
Environmental Engineer

To
The Member Secretary,
Kerala State Pollution Control Board,
Head Office, Thiruvananthapuram,

Sub:- Submission of monthly progress report for the month of July 2023 as per OA 673/2018- updated, after the DLTC meeting on 21.08.2023.

Ref:- DLTC meeting video conference conducted on 21.08.2023 regarding rejuvenation of Tirur, Ponnani River as per OA 673/2018.

Respected Madam,

The updated monthly progress report for the month of July 2023, Minutes of DLTC meeting (video conference) conducted on 21.08.2023 vide reference and Analysis Report of the polluted stretch river samples during the month of July 2023 are enclosed herewith. This is for information and further necessary action.

Yours faithfully,

ENVIRONMENTAL ENGINEER

Enclosure: As Above

Copy to:
The Chief Environmental Engineer,
Kerala State Pollution Control Board
Regional Office, Kozhikode.

# Minutes of District Level Technical Committee Meetingon 07-12-2022 Through Video Conferencing

District Level Technical Committee (DLTC) Meeting on Polluted River Stretch ( As per order of Hon’ble NGT in 0A673 of 2018) was held on 07.12.2022through video conferencing at 02:00 pm. Representatives from the Pollution Control board, Irrigation Department and Pattambi Municipality have participated in the meeting.

Members Participated:

1.MrSujith, Assistant Executive Engineer, Minor Irrigation, Palakkad (Representing Chairman of DLTC)

2.Secretary, Pattambi Municipality, Palakkad

3.Mr. Krishnan M N, Environmental Engineer, Kerala State Pollution Control Board(Convener of DLTC)

Mr. Krishnan M N, Environmental Engineer, Kerala State Pollution Control Board welcomed the DLTC members and shared the information regarding the OA 673 and the reason for constituting the District Level Technical Committee as introduction. Then he discussed the progress of the polluted river stretches action plans of Bharathapuzha at Pattambi and Bhavani at Elachivazhi.

**Bharathapuzha at Pattambi**

Environmental Engineer explained that monthly water quality analysis of Bharathapuzha at Pattambi has given consistent result of quality conforming to original bathing standards. The standard are BOD less than 3.0mg/L and faecal coliform less than 500MPN//100ml.These are found satisfied for one full year.

- Secretary, Pattambi Municipality stated that the DPR for a STP at Pattambi has been prepared by KWA. It is before the State Government for financial sanction and other approvals.
- AEE, Minor Irrigation reported that the DPR prepared by Irrigation department for Bharathapuzha at Pattambi is still pending before Government for funding.

**Bhavani at Elachivazhi.**

Secretary, Pudur Panchayath was absent .AEE, Minor Irrigation reported that the DPR prepared by Irrigation department for Bhavani at Elachivazhi was also pending before Government for funding.

The meeting concluded at 03.00 pm

Convener Chairman